മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

*സ്വകാര്യ എയ്ഡഡ് കോളേജുകൾ- അദ്ധ്യാപക നിയമനങ്ങളിൽ സർവ്വകലാശാലാ* സ്റ്റാറ്റ്യൂട്ട്സ് അദ്ധ്യായം 45-പാർട്ട് ബി -സ്റ്റാറ്റ്യൂട്ട് 2,12 *പ്രകാരമുള്ള വ്യവസ്ഥകൾ കർശനമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.*

=================================================================

**അക്കാദമിക് ബി 1 സെക്ഷൻ**

*സ.ഉ നം. 4646/ബി1/അക്കാദമിക്/2018* *പ്രിയദർശിനി ഹിൽസ്, 07/06/2018*

=================================================================

*പരാമർശം.(1) 19.05.2018 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗനടപടികളുടെ (18.04)മിനിറ്റ്സ് (ഇനം നമ്പർ OA:56/18.04).*

**<u>ഉത്തരവ്</u>**

സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ നിയമനവും നിയമനാംഗീകാരവും സംബന്ധിച്ച് സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കാൻ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള സ്വകാര്യ എയ്ഡഡ് കോളേജുകൾ ബാധ്യസ്ഥരാണX.

സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് അദ്ധ്യായം 45 പാർട്ട് ബി -സ്റ്റാറ്റ്യൂട്ട് (2) പ്രകാരം, നേരിട്ടുള്ളനിയമനങ്ങളിൽ, ഒഴിവുള്ള തസ്തിക സംബന്ധിച്ച വിജ്ഞാപനം സർവ്വകലാശാല അംഗീകരിച്ച ഒരു ദേശീയ ഇംഗ്ലീഷ് ദിനപത്രത്തിലും രണ്ട് മലയാളംദിനപത്രങ്ങളിലും(എല്ലാ പതിപ്പുകളിലും) അസോസിയേഷൻഓഫ് ഇൻഡ്യൻ യൂണിവേഴ്സിറ്റീസ് പ്രസിദ്ധപെടുത്തുന്ന "യൂണിവേഴ്സിറ്റിന്യൂസ്"ലും പരസ്യപ്പെടുത്തേണ്ടതാണX.കൂടാതെ,പ്രസ്തുത ഒഴിവിൽ അപേക്ഷ സമർപ്പിക്കുവാൻ 30 ദിവസത്തെ സമയപരിധിയും നൽകേണ്ടതാണX. സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് അദ്ധ്യായം 45 പാർട്ട് ബി -സ്റ്റാറ്റ്യൂട്ട് 12 പ്രകാരമുള്ള ഓപ്പൺ/കമ്മ്യൂണിറ്റി ഒഴിവുകളിൽ നിയമനം നടത്തേണ്ടത് സംബന്ധിച്ച് സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നു എന്ന് വിദ്യാഭ്യാസ ഏജൻസികൾ ഉറപ്പ് വരുത്തേണ്ടതുമാണX.

ഇതു സംബന്ധിച്ച്, 19.05.2018 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പരാമർശം (1) പ്രകാരം സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയിഡഡ് കോളേജുകളിലെ അദ്ധ്യാപകനിയമനങ്ങളിൽ സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് അദ്ധ്യായം 45-പാർട്ട് ബി -സ്റ്റാറ്റ്യൂട്ട് 2,12 എന്നിവയ്ക്കനുസൃതമല്ലാത്ത വിജ്ഞാപന നടപടിക്രമങ്ങൾ പ്രകാരം നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് ഒരു കാരണവശാലും അംഗീകാരം നൽകേണ്ടതില്ല എന്നു തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ഒപ്പ്
സുകുമാരൻ റ്റി ബി
അസിസ്റ്റൻറ് രജിസ്ടാർ I (അക്കാദമിക്)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രജിസ്ട്രാർക്കു വേണ്ടി.

1. *ഗവൺമെൻറ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.*
2. *കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.*
3. *കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.*
4. *കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.*
5. *എല്ലാ സ്വകാര്യ എയ്ഡഡ് കോളേജുകളുടെയും മാനേജർ/പ്രിൻസിപ്പാൾമാർക്കും.*

*പകർപ്പ്:*

1. *വൈസ് ചാൻസലറുടെ/പ്രോ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി.*
2. *രജിസ്ട്രാറുടെ/ പരീക്ഷാ കൺട്രോളറുടെ പി.എ.*
3. *സർവ്വകലാശാലയുടെ സ്റ്റാൻഡിംഗ് കൗൺസൽ (ലീഗൽ സെക്ഷൻ മുഖേന).*
4. *എ. സി. ബി. 2, എ. സി. ബി. 5, എ ഡി എ 2, സി ഡി 1, എ സി സി സെക്ഷൻ.*
5. *ഐ ക്യു എ സി.*
6. *കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ.*
7. *റെക്കോർഡ്സ് സെക്ഷൻ.*
8. *കരുതൽ ഫയൽ/ഫയൽ കോപ്പി.*

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

എ സി ബി 1/2/1010/2018

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം